# ക്രൂശീകരണവും സ്തുതിയും

സാക് പുന്നൻ

WFTW 02 ജൂലൈ 2017

വിശ്വാസം സൂചിപ്പിക്കുന്നത്, ദൈവം സ്നേഹം നിറഞ്ഞവനാണെന്നും, പരിജ്ഞാനത്തിൽ തികഞ്ഞവനാണെന്നും, ശക്തിനിറഞ്ഞവനാണെന്നും നിങ്ങൾ വിശ്വസിക്കുന്നു എന്നാണ്, മാത്രമല്ല അതു നിങ്ങൾ വിശ്വസിക്കുമ്പോൾ, നിങ്ങൾ അവിടത്തേക്ക് സ്തുതി പാടും. 'ദൈവം ഇരിക്കുന്ന സിംഹാസനമാണ് സ്തുതി' (സങ്കീ 22:3). ഇവിടെ സങ്കീർത്തനം 22 കാൽവറിക്രൂശിനെക്കുറിച്ചുള്ള ഒരു സങ്കീർത്തനമാണ്. അത് ഈ വാക്കുകൾ കൊണ്ടാണ് തുടങ്ങുന്നത്, ' എൻറെ ദൈവമെ, എൻറെ ദൈവമെ, അങ്ങ് എന്നെ കൈവിട്ടതെന്ത്?' ആ വാക്കുകൾ പറഞ്ഞത് അവിടുന്ന് ക്രൂശിന്മേൽ തൂങ്ങി കിടക്കുമ്പോഴായിരുന്നു. അതിനുശേഷം 3 ാംവാക്യത്തികൽ അവിടുന്ന്, ദൈവം തൻറെ ജനത്തിൻറെ സ്തുതി കളിന്മേൽ വസിക്കുന്നതിനെപ്പറ്റി പറയുന്നു. പിന്നീട് 16ാം വാക്യത്തിൽ തൻറെ കൈകളും കാലുകളും കുത്തി തുളയ്ക്കപ്പെടുന്നതിനെക്കുറിച്ചു പറയുന്നു. ഇത് വളരെ സ്പഷ്ടമായി ക്രൂശിൻറെ ഒരു സന്ദേശമാണ് ക്രൂശിൻറെ ഒരു സങ്കീർത്തനം, ഈ സങ്കീർത്തനത്തിലൂടെ നിങ്ങൾ മുന്നോട്ടുപോകുമ്പോൾ, ക്രൂശിക്കപ്പെട്ട ഈ സ്ഥാനത്തു നിന്ന്, യേശു അവിടുത്തോടു ചേർന്ന് പിതാവിന് സ്തുതിയുടെ ഒരു സിംഹാസനം ഒരുക്കുവാൻ, തൻറെ ഇളയ സഹോദരന്മാരെ, അതായത് എന്നെയും നിങ്ങളെയും ക്ഷണിക്കുന്നു (വാക്യം22). ' അങ്ങയുടെ നാമത്തെ ഞാൻ എൻറെ സഹോദരന്മാരോട് അറിയിക്കും;സഭാമദ്ധ്യേ ഞാൻ അങ്ങയെ പുകഴ്ത്തും'.യേശു തൻറെ പിതാവിനെ സ്തുതിക്കുന്നതിനെ സൂചിപ്പിക്കുവാൻ എബ്രായർ 2 ൽ ഉദ്ധരിച്ചിരിക്കുന്ന വാക്യം ഇതാണ്. യേശു ക്രൂശിക്കപ്പെടുന്നതിനെക്കുറിച്ചും, തൻറെ കൈകളും കാലുകളും തുളയ്ക്കപ്പെടുന്നതിനെക്കുറിച്ചും പറയുന്ന ഒരു സങ്കീർത്തനത്തിൻറെ മദ്ധ്യത്തിൽ സ്തുതിയുടെ ഒരു വാക്യം വന്നു എന്നത് വളരെ താത്പര്യം ഉണർത്തുന്ന ഒരു കാര്യം ആണ്. ഈ ഭൂമിയിൽ എക്കാലവും ചെയ്തിട്ടുള്ളതിൽ വെച്ച് ഏറ്റവും നീചമായ ഒരു തിന്മയാണ് യേശുവിൻറെ ക്രൂശീകരണം. ഇതിനെക്കാൾ വലിയ ഒരു പാപം ഒരു മനുഷ്യനും ഒരിക്കലും ചെയ്തിട്ടില്ല.

ഇനി ഈ കാര്യം പരിഗണിക്കുക: കഴിഞ്ഞ 6000 വർഷത്തെ മാനുഷ ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള ഏറ്റവും നല്ല കാര്യം എന്താണ് ? വീണ്ടും അതിൻറെ ഉത്തരം അതേകാര്യം തന്നെയാണ്. യേശു ക്രിസ്തുവിൻറെ ക്രൂശീകരണം ഈ ഭൂമിയിൽ ഇതിനെക്കാൾ നല്ല ഒരു കാര്യം ഒരിക്കലും സംഭവിച്ചിട്ടില്ല. ക്രിസ്തുവിൻറെ ക്രൂശീകരണത്താൽ നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെട്ടു അതു കൊണ്ട് നിത്യത മുഴുവൻ നമുക്ക് ദൈവത്തോടു കൂടെ ചെലവഴിക്കുവാൻ കഴിയും. അതുകൊണ്ട് മനുഷ്യൻ എക്കാലവും ചെയ്തിട്ടുള്ളതിൽ വെച്ച് ഏറ്റവും ഹീനമായ പാപവും ഭൂമിയിൽ സംഭവിച്ചിട്ടുള്ള ഏറ്റവും നല്ല കാര്യവും ക്രിസ്തുവിൻറെ ക്രൂശീകരണമാണ്. ഇത് എന്തിനെ കാണിക്കുന്നു? അത് ഇതു മാത്രം, മനുഷ്യനു ചെയ്യാൻ കഴിഞ്ഞ ഏറ്റവും ഹീനമായ കാര്യം, ദൈവത്താൽ അത് എല്ലാത്തിനെക്കാൾ ഏറ്റവും നല്ലതാക്കി മാറ്റപ്പെട്ടു.

ഇനി, ഒരിക്കൽ നിങ്ങൾ ഇതു മനസ്സിലാക്കിയാൽ, മറ്റുള്ളവർ നിങ്ങളോട് ചെയ്യുന്നതൊന്നും തീർച്ചയായും യേശുവിൻറെ ക്രൂശീകരണത്തിൻറെ അത്ര മോശമല്ല എന്നു നിങ്ങൾ ഗ്രഹിക്കും. മാത്രമല്ല ആ തിന്മയെ ദൈവത്തിനു നന്മയാക്കി തീർക്കാൻ കഴിയുമെങ്കിൽ, എന്നോടു പയുക, ദൈവത്തിന് നന്മയാക്കി തീർക്കാൻ കഴിയാത്ത എന്തു കാര്യമാണ് മറ്റുള്ളവർക്ക് നിങ്ങളോടു ചെയ്യാൻ കഴിയുന്നത്? എല്ലാ കാര്യങ്ങളും അതിനെക്കാൾ കുറഞ്ഞതാണ്. യേശുവിൻറെ ക്രൂശീകരണത്തെക്കാൾ നീചമായ ഒരു കാര്യവും നിങ്ങൾക്കുണ്ടാകുവാൻ സാധ്യമല്ല, മാത്രമല്ല ആ നീചകാര്യം ദൈവം ഏറ്റവും ഉത്തമമായ താക്കി മാറ്റി. ഇത് ദൈവത്തിൻറെ

സർവ്വശക്തിയെക്കുറിച്ചു ചില കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അതു കൊണ്ടാണ് നാം അവിടുത്തെ സ്തുതിക്കുന്നത്. അതു കൊണ്ടാണ്, ക്രൂശിൻറെ സങ്കീർത്തനമായ ഈ സങ്കീർത്തനത്തിൻറെ മദ്ധ്യത്തിൽ, 'ഞാൻ അങ്ങയെ സ്തുതിക്കും' എന്നു നാം കാണുന്നത്.

നിങ്ങൾ ക്രൂശിക്കപ്പെടുമ്പോൾ നിങ്ങൾക്കു ദൈവത്തെ സ്തുതിക്കുവാൻ തോന്നാറുണ്ടോ? ആ കള്ളന്മാർ ക്രൂശിന്മേൽ തൂങ്ങി കിടന്നപ്പോൾ അവർ എന്തു ചെയ്യുകയായിരുന്നു എന്നാണ് നിങ്ങൾ കരുതുന്നത്? അവർ ദൈവത്തെ സ്തിക്കുകയായിരുന്നില്ല. അവർ ശപിക്കുകയും പ്രാകുകയും ചെയ്യുകയായിരുന്നു. മാത്രമല്ല മിക്കവാറും അവരെ ക്രൂശിച്ച പടയാളികളുടെ കൈകൾ കടിക്കുകയും അവരെ തുപ്പുകയും ഒക്കെ ചെയ്യുകയായിരുന്നിരിക്കും. അവർ ഒട്ടും തന്നെ സന്തോഷവാന്മാരല്ലായിരുന്നു. യേശു എങ്ങനെയാണ് ക്രൂശിക്കപ്പെട്ടത് എന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? അവർ ആണി തറച്ചപ്പോൾ അവിടുന്നു തൻറെ ഉള്ളം കൈകൾ തുറന്നു കൊടുത്ത് അവരോടു സഹകരിച്ചു, അതു പോലെ അവർക്ക് കാലിൽ ആണി തറയ്ക്കുന്നത് എളുപ്പമാകത്തക്കവിധത്തിൽ ഒരു കാലിൻറെമുകളിൽ മറ്റെകാൽ വെച്ചു കൊടുത്തു. അവിടുന്ന് സന്തോഷവാനായിരുന്നു. എന്തുകൊണ്ടാണ് അവിടുന്നു സന്തോഷവാനായിരുന്നത്? അവിടുത്തേക്ക് വേദന അനുഭവപ്പെട്ടില്ലേ? ഓ, തീർച്ചയായും അവിടുന്ന് കഷ്ടം അനുഭവിച്ചു. നിങ്ങൾക്കും എനിക്കും ക്രൂശീകരണത്തിൻറെ വേദന അനുഭവപ്പെടുന്നതുപോലെ തന്നെ അവിടുത്തേക്കും ഉണ്ടായി. അപ്പോൾ പിന്നെ എന്തുകൊണ്ടാണ് അവിടുന്ന് സന്തോഷവാനായിരുന്നത്? അവിടുന്ന് തൻറെ പിതാവിൻറെ ഹിതമാണ് ചെയ്യുന്നത് എന്നതിനാലാണ് അവിടുന്ന് സന്തോഷവാനായിരുന്നത്. നാം നമ്മുടെ പിതാവിൻറെ ഇഷ്ടം ചെയ്യുമ്പോൾ, നാം കഷ്ടത അനുഭവിച്ചാലും അതു സാരമില്ല എന്ന് നിങ്ങൾക്കറിയാമോ? അപ്പോഴും നമുക്ക് സന്തോഷമുള്ള വരായിരിക്കാൻ കഴിയും. നമുക്ക് വേദന തോന്നിയേക്കാം. യേശു വേദന അനുഭവിച്ചു എങ്കിലും അവിടുന്നു സന്തുഷ്ടനായിരുന്നു. അതുകൊണ്ടാണ് അവിടുത്തേക്ക് ക്രൂശിൽ തൂങ്ങി കിടന്നു കൊണ്ട് പിതാവിനെ സ്തുതിക്കാൻ കഴിഞ്ഞത്. ഇതാണ് മാർഗ്ഗം. ഇതാണ് രഹസ്യം.

ക്രൂശിൻറെ സങ്കീർത്തനായ മറ്റൊരു സങ്കീർത്തനം കൂടി നിങ്ങളെ കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു ദൈവ വചനം ശക്തിയുള്ളതാണ് അതു കൊണ്ടു തന്നെയാണ് അവിടുത്തെ വചനങ്ങളിലേക്ക് നാം വീണ്ടും വീണ്ടും തിരിയേണ്ടത്. മനുഷ്യൻറെ വാക്കുകൾ ദൈവത്തിൻറെ വാക്കുകളുടെയത്രക ശക്തമല്ല. സങ്കീ 118: 1114ൽ നിങ്ങൾ ഇപ്രകാരം വായിക്കുന്നു. ' തേനീച്ച പോലെ അവർ എന്നെ വളഞ്ഞു എന്നാൽ യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചു കളഞ്ഞു'. അത് ക്രൂശിൻറെ ഒരു സങ്കീർത്തനമാണ്. അതിനുശേഷം 22ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. ' വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു'. യേശു സുവിശേഷങ്ങളിൽ ഉദ്ധരിച്ചിട്ടുള്ള ഒരു വാക്യമാണിത്. മത്താ 21:42 ലും മർക്കോസ് 12:10,11 ലും നിങ്ങൾ അതു വായിക്കുന്നു യേശു തന്നെ ഉദ്ദേശിച്ചു തന്നെ ഉദ്ധരിച്ച ഒരു വാക്യമാണ്. എപ്പോഴാണ് പണിയുന്നവർ ആ കല്ലിനെ തള്ളിക്കളഞ്ഞത്?. അത് കാൽ വറിയിലാണ്; അവർ പറഞ്ഞു, ' അവൻ ഞങ്ങളെ ഭരിക്കുന്നത് ഞങ്ങൾക്കിഷ്ടമല്ല. ഞങ്ങളെ ഭരിക്കുവാൻ ഈ മനുഷ്യനെ ഞങ്ങൾക്കാവശ്യമില്ല. അവനെ ക്രൂശിക്ക' അങ്ങനെ അവർ അവിടുത്തെ തള്ളിക്കളഞ്ഞു.

എന്നാൽ അവിടെ, കുരിശിൽ തൂങ്ങി കിടന്നുകൊണ്ട്, ക്രൂശിക്കപ്പെട്ടവനായ കർത്താവു പറയുന്നു, വാക്യം 28ൽ, ' ഞാൻ അങ്ങേയ്ക്കു സ്തോത്രം ചെയ്യുന്നു, ഞാൻ അങ്ങയെ പുകഴ്ത്തും. യഹോവയ്ക്കു സ്തോത്രം ചെയ്വിൻ അവിടുന്നു നല്ലവനല്ലോ' അതിനുശേഷം വാക്യം 24ൽ ഇന്ന് യഹോവ ഉണ്ടാക്കിയ ദിവസം; ഇതിൽ നമുക്ക് സന്തോഷിച്ച് ഉല്ലസിക്കാം'. യേശു ക്രൂശിക്കപ്പെട്ട ആ ദിവസം, യഹോവ ഉണ്ടാക്കിയ ഒരു ദിവസമാണോ? നിങ്ങൾക്ക് നിങ്ങളുടെ ജോലിയിൽ ഒരു ശമ്പള വർദ്ധനയോ, ഉദ്യോഗത്തിൽ ഒരു സ്ഥാന കയറ്റമോ

ലഭിക്കുമ്പോഴോ, കുറച്ചു കൂടി നല്ല ഒരു ശമ്പളമോ, കുറച്ചു കൂടി നല്ല ഒരു ജോലി ലഭിക്കുന്നമ്പോഴോ നിങ്ങൾ വിവാഹിതനാകുമ്പോഴോ, നിങ്ങൾക്ക് കുറച്ചുകൂടി നല്ല ഒരു വീടു ലഭിക്കുമ്പോഴോ അല്ലെങ്കിൽ ഭൗതികമായ എന്തെങ്കിലും പ്രയോജനങ്ങൾ ലഭിക്കുമ്പോഴോ ഇത് യഹോവ ഉണ്ടാക്കിയ ദിവസമാണെന്നു പറയുവാൻ നിങ്ങൾക്ക് എളുപ്പമാണ്. എന്നാൽ മറ്റൊരാൾ നിങ്ങളെ ക്രൂശിക്കുമ്പോൾ ' ഇത് യഹോവ ഉണ്ടാക്കിയ ദിവസമാണ്' എന്നു പറയുവാൻ വിശ്വാസം ആവശ്യമാണ്. യഹോവ ഉണ്ടായിട്ടില്ലാത്ത ദിവസം എന്താണ്? ഏതെങ്കിലും ഒരു ആണ്ടിൽ ഏതെങ്കിലും ഒരു ദിവസം യഹോവ ഉണ്ടാക്കാത്തതായി ഉണ്ടോ? ഓരോ ദിവസവും യഹോവ ഉണ്ടാക്കിയിട്ടുള്ളതാണ്. ഒരു ദിവസം പോലും പിശാച് ഉണ്ടാക്കിയില്ല, അതു ഞാൻ നിങ്ങളോടു പറയും. ഇതു യഹോവ ഉണ്ടാക്കിയ ദിവസമാണെങ്കിൽ, നാം അതിൽ സന്തോഷിച്ച് ഉല്ലസിക്കാൻ പോകുകയാണ് നമുക്ക് ഒരു വലിയ സമ്മാനം കിട്ടുകയാണെങ്കിലും, അല്ല നാം ക്രൂശിക്കപ്പെടുകയാണെങ്കിലും അത് വ്യത്യാസം ഒന്നും വരുത്തുന്നില്ല, കാരണം ദൈവത്തിൻറെ പരമാധികാരത്തിൽ നാം വിശ്വസിക്കുന്നു.

അതുകൊണ്ട് ഈ രണ്ടു സങ്കീർത്തനങ്ങളിലും (സങ്കീ22, സങ്കീ118 ), ഈവലിയ സത്യം, അതായത് എപ്പോഴും തൻറെ സ്വന്തം അന്വേഷിക്കുന്ന എൻറെ സ്വയജീവന് മരിക്കാൻ തയ്യാറാകുമ്പോൾ മാത്രമെ എനിക്ക് സ്തുതിയുടെ ഒരാത്മാവിലേക്ക് പ്രവേശിക്കാൻ കഴിയുകയുള്ളു. അപ്പോൾ ഞായറാഴ്ച രാവിലെകളിലുള്ള എൻറെ സ്തുതികൾ അർത്ഥവത്താകും. അത് എൻറെ ഹൃദയത്തിൽ നിന്നുവരും, അപ്പോൾ ഞാൻ ഞായറാഴ്ച രാവിലെ ഒരു വിശുദ്ധനും ഞായറാഴ്ച വൈകുന്നേരം പിശാചിനെപ്പോലെ പെരുമാറുന്നവനുമായ ഒരു ഇരട്ട ജീവിതം ജീവിക്കേണ്ടിവരികയില്ല. ഇല്ല എനിക്ക് പൂർണ്ണമായും ഒരു യഥാർത്ഥമനുഷ്യനായിരിക്കാൻ കഴിയും. അതുകൊണ്ട് വെറും വിശ്വാസം മാത്രമല്ല, ദൈവത്തേ സ്തുതിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നത്, എന്നാൽ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നതും ദൈവത്തെ സ്തുതിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ സ്തുതിയുടെ ജീവിതം ഒരു ഉറച്ച അടിസ്ഥാനത്തിന്മേലായിരിക്കേണ്ടതിന് ഒരു നല്ല നിലം ഒരുക്കുവാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.